## പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1739** **08/06/2018-ൽ മറുപടിയ്ക്ക്**

## ലൈഫ് ഭവന പദ്ധതി

| ചോദ്യം<br>ശ്രീ.ടി.വി.ഇബ്രാഹിം | | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ലൈഫ് ഭവന പദ്ധതിയുടെ നിലവിലെ അവസ്ഥ അറിയിക്കാമോ; | എ) | ലൈഫ് മിഷന്റെ ഭാഗമായി നാളിതുവരെ വിവിധ പദ്ധതികളിൽ ഉൾപ്പെട്ട് പൂർത്തീകരിക്കാതിരുന്ന 39616 ഭവനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. പുതിയ വീടുകളിൽ നഗരപ്രദേശങ്ങളിൽ 31484 വീടുകൾ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. ഇതിൽ 3434 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ഗ്രാമ പ്രദേശങ്ങളിൽ 4932 ഗുണഭോക്താക്കളുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ഇതിൽ 8 വീടുകൾ പൂർത്തിയാക്കിയിട്ടുണ്ട്. നിലവിൽ 16477 പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണ നടപടികൾ പുരോഗമിക്കുന്നുണ്ട്. പുതിയ വീടുകളിൽ ഗ്രാമപ്രദേശങ്ങളിൽ 2185 വീടുകളും നഗരപ്രദേശങ്ങളിൽ 28063 വീടുകളും വിവിധ നിർമ്മാണ ഘട്ടങ്ങളിലാണ്. |
| (ബി) | ലൈഫ് ഭവനപദ്ധതിയിൽ ഒരു ഗുണഭോക്താവിന് വീട് നിർമ്മിക്കാൻ ആകെ നൽകുന്ന തുക എത്രയാണ്; ഇതിൽ ഗ്രാമപഞ്ചായത്ത് /ബ്ലോക്ക് പഞ്ചായത്ത്/ ജില്ലാ പഞ്ചായത്ത്/ സംസ്ഥാന സർക്കാർ/കേന്ദ്ര സർക്കാർ വിഹിതം എത്രയെന്ന് വ്യക്തമാക്കാമോ; | (ബി) | ഭൂമിയുള്ളവർക്ക് വീടൊന്നിനു 4 ലക്ഷം രൂപയാണ് ധന സഹായമായി നൽകുന്നത്. പട്ടികവർഗ സങ്കേതങ്ങളിൽ ഉള്ള പട്ടിക വർഗ വിഭാഗത്തിൽ പെട്ടവർക്ക് 6 ലക്ഷം രൂപയും ധനസഹായമായി നൽകും. നഗരങ്ങളിൽ PMAY(U)നു മായി സംയോജിപ്പിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്. ടി പദ്ധതിയിൽ, കേന്ദ്ര സർക്കാർ വിഹിതം 1.5 ലക്ഷം രൂപയും, സംസ്ഥാന സർക്കാർ വിഹിതം 0.5 ലക്ഷം രൂപയും നഗരസഭകളുടെ വിഹിതം 2 ലക്ഷം രൂപയുമാണ്. ഗ്രാമങ്ങളിൽ PMAY (G) ന്റെ സാധ്യത പരിശോധിച്ച് വരുന്നതേയുള്ളൂ. ഇതിലേയ്ക്കായി യോഗ്യതയുള്ള |

| | | | |
|---|---|---|---|
| | | | ഗുണഭോക്താക്കളെ കണ്ടെത്തിവരുന്നു. PMAY(R) ഗുണഭോക്താക്കൾക്ക് കേന്ദ്ര വിഹിതമായി 72000 രൂപ ലഭിക്കുന്നതാണ്. PMAY(R) ൽ ഉൾപ്പെടാത്ത ഗുണഭോക്താക്കൾക്ക് മുഴുവൻ രൂപയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കണ്ടെത്തേണ്ടതാണ്. ഇതിൽ ബ്ലോക്ക് പഞ്ചായത്ത്/ ജില്ലാ പഞ്ചായത്ത് എന്നിവയുടെ വിഹിതം ഉണ്ടായിരിക്കും. ഓരോ ഗ്രാമ പഞ്ചായത്തിലും ഉള്ള ഗുണഭോക്താക്കളുടെ എണ്ണത്തിന് ആനുപാതികമായ രീതിയിലാണ് ബ്ലോക്ക് പഞ്ചായത്ത്/ ജില്ലാ പഞ്ചായത്ത് വിഹിതം ബന്ധപ്പെട്ട പഞ്ചായത്തിന് ലഭ്യമാക്കുക. ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ ഗുണഭോക്താക്കളുടെ എണ്ണത്തിന് ആനുപാതികമായ തുകയാണ് വിഹിതമായി വകയിരുത്തേണ്ടത്. ഭൂരഹിതർക്ക് ഭവന നിർമ്മാണ സമുച്ചയം നിർമ്മിച്ച് നൽകുന്നതിനാണ് ഉദ്ദേശിക്കുന്നത്. |
| (സി) | മലപ്പുറം ജില്ലയിൽ നാളിതുവരെയായി ലൈഫ് ഭവനപദ്ധതിയിൽ പുതിയ വീട് നിർമ്മിക്കാൻ എത്ര പേർക്ക് സാമ്പത്തിക സഹായം അനുവദിച്ച് നൽകി; ഇവയുടെ മണ്ഡലം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ? | | മലപ്പുറം ജില്ലയിൽ ഗ്രാമപ്രദേശങ്ങളിൽ കരാറിൽ ഏർപ്പെട്ട 380 ഗുണഭോക്താക്കൾക്ക് ആദ്യഗഡു അനുവദിച്ചു നൽകിയിട്ടുണ്ട്. നഗരപ്രദേശങ്ങളിൽ 3959 പേർക്കും ആദ്യഗഡു നല്കിട്ടുണ്ട്. മണ്ഡലം തിരിച്ചുള്ള കണക്കു വിവരം അനുബന്ധം ആയി ചേർക്കുന്നു. |

**സെക്ഷൻ ഓഫീസർ.**

മലപ്പുറം ജില്ല - പുതിയ വീട് നിർമ്മാണം - ആദ്യഗഡു നൽകിയത് - മണ്ഡലം തിരിച്ചുള്ള വിവരം

**അനുബന്ധം**

| ക്രമ നമ്പർ | നിയമസഭാ മണ്ഡലം | ഗ്രാമപ്രദേശം | നഗരപ്രദേശം |
|---|---|---|---|
| 1 | NILAMBUR | 109 | 106 |
| 2 | WANDOOR | 171 | 0 |
| 3 | ERANAD | 0 | 0 |
| 4 | MANJERI | 0 | 581 |
| 5 | MALAPPURAM | 0 | 655 |
| 6 | VENGARA | 22 | 0 |
| 7 | VALLIKKUNNU | 5 | 0 |
| 8 | TIRURANGADI | 0 | 462 |
| 9 | TANUR | 0 | 616 |
| 10 | TIRUR | 36 | 158 |
| 11 | KOTTAKKAL | 0 | 289 |
| 12 | THAVANUR | 21 | 0 |
| 13 | PONNANI | 0 | 491 |
| 14 | PERINTHALMANNA | 0 | 221 |
| 15 | MANKADA | 16 | 0 |
| 16 | KONDOTTY | 0 | 380 |
| | | **380** | **3959** |

11/6/18

[signature]

സെക്ഷൻ ഓഫീസർ